കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ലിയൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2017-18**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/224 /2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി:25.04.19

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കല്ലിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കല്ലിയൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/224/19

തീയതി:25.04.19

## തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.07.2017 മുതൽ 21.01.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ സാജൻലാൽ എസ്.ജെ.
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.01.2019 മുതൽ 30.01.2019 വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലതകുമാരി എം, ഓഡിറ്റ് ഓഫീസർ<br>ശ്രീ. രാജേഷ് എം.ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ബിന്ദുലത ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. പ്രകാശ് കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. രാജു എസ്., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.ജയലക്ഷ്മി,<br>01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.ലതകുമാരി എസ്,<br>01.04.2017 മുതൽ 05.06.2017 വരെ<br>ശ്രീ.സുനിൽ കുമാർ ബി,<br>06.06.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.രവികുമാരൻ തമ്പി.സി.എ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുദർശന ബാബു<br>ശ്രീ.ജയചന്ദ്രൻ | 01.04.2017 മുതൽ 23.09.2017 വരെ<br>24.09.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ. സുമിത<br>ഡോ. സുനിത | 01.04.2017 മുതൽ 02.08.2017 വരെ<br>03.08.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. വി. ജെ. ശാന്തി | 01.04.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.വിജയകുമാരി പി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (എ സർക്കിൾ)<br>വി.ഇ.ഒ. (ബി സർക്കിൾ) | ശ്രീ.ബിനോയ് ഭുവൻ | 01.04.2017 മുതൽ 10.02.2018 വരെ |
| | ശ്രീമതി.ആര്യ ദിവാകരൻ | 11.02.2018 മുതൽ 31.03.2018 വരെ |
| | ശ്രീമതി.ആശ. എസ്. ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നിഷാ സോമൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ബിന്ദു<br>ശ്രീ.കൃഷ്ണകുമാർ<br>ശ്രീമതി.സ്മിത<br>ശ്രീമതി.മീനകുമാരി | 01.04.2017 മുതൽ 16.09.2017 വരെ<br>17.09.2017 മുതൽ 13.11.2017 വരെ<br>14.11.2017 മുതൽ 22.11.2017 വരെ<br>23.11.2017 മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീ.എൻ.സി.ഗിരീഷ് പാൽ | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം – 1</u> | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം – 2 | | |
| 13 | ബജറ്റ് രൂപീകരണം – നടപടികൾ പാലിച്ചിട്ടില്ല. | 2-1 | |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല – പഞ്ചായത്തിന് തനത് വരുമാന നഷ്ടം | 2-2 | |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച – പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 | |
| 16 | കെട്ടിട നിർമ്മാണ പെർമിറ്റ് – | 2-4 | |

| | | | |
|---|---|---|---|
| | നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല | | |
| 17 | D&O ലൈസൻസിനുള്ള അപേക്ഷകൾ അപൂർണ്ണം | 2-5 | |
| 18 | ടെണ്ടർ രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല | 2-6 | |
| 19 | കരാർ ചമയ്ക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 2-7 | |
| 20 | ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-8 | |
| 21 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല. | 2-9 | |
| | ഭാഗം-3 | | |
| 22 | എം ബുക്കുകൾ ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-1 | |
| 23 | ഫ്ലോറിംഗിന് അധികം കനം - 5216/- രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല | 3-2 | |
| 24 | സൈഡ് വാൾ നിർമ്മാണം - അപാകങ്ങൾ | 3-3 | |
| 25 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ | 3-4 | |
| 26 | ഉണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ | 3-5 | |
| 27 | സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക നിരക്ക് നൽകി-5566/- രൂപ നിരാകരിക്കുന്നു | 3-6 | |
| 28 | ഉണഭോക്തൃതെരഞ്ഞെടുപ്പിലെ വീഴ്ച – അനർഹമായി ആനുകൂല്യം നൽകി - 5,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 29 | മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് സ്കോളർഷിപ്പ് തുക നൽകി 55,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-8 | |
| 30 | ഓട്ടോറിക്ഷ നൽകൽ പദ്ധതി-നിർവ്വഹണത്തിലെ അപാകതകൾ | 3-9 | |
| 31 | കമ്പ്യൂട്ടർ, അനുബന്ധസാമഗ്രികൾ വാങ്ങൽ - മാനദണ്ഡങ്ങൾ പാലിച്ചില്ല. | 3-10 | |
| 32 | കരാർ ചമയ്ക്കുന്നതിലെ അപാകതകൾ | 3-11 | |
| 33 | വൃദ്ധർക്ക് കട്ടിൽ വിതരണം.-ഒരു കട്ടിൽ വിതരണം ചെയ്തിട്ടില്ല. | 3-12 | |
| 34 | ബിൽഡിംഗ് പെർമിറ്റില്ലാതെ ഭവന നിർമ്മാണ ധനസഹായം-നിയമ ലംഘനം | 3-13 | |
| | <u>ഭാഗം - 4</u> | | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |

| | | | |
|---|---|---|---|
| | വിവരങ്ങൾ | | |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 42 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28/03/2017 തീയതിയിലെ I(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 23,53,85,536/- രൂപ വരവും 20,32,90,600/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 109806403.18/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 100138471/-രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം).

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 12.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1471/2018 തീയതി 30.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 17467305.18 |
| വരവ് | : | 92339098.00 |
| ആകെ | : | 109806403.18 |
| ചെലവ് | : | 100138471.00 |
| നീക്കിയിരിപ്പ് | : | 9667932.18 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് | 0 | 21730908 | 21730908 | 21730908 | 0 |

| | | | | | |
|---|---|---|---|---|---|
| പൊതുവിഭാഗം | | | | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 11441828 | 11441828 | 11441828 | 0 |
| വികസനഫണ്ട് റ്റി.എസ്.പി. | 0 | 100969 | 100969 | 100969 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9901580 | 9901580 | 9901580 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4357320 | 4357320 | 4357320 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11032875 | 11032875 | 11032875 | 0 |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 2511304 | 2511304 | 2511304 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 52077.5 | 1295314 | 1347391.5 | 749130 | 598261.5 |
| ബി ഫണ്ട് | 0 | 573960 | 573960 | 573960 | 0 |
| എസ്.ബി.ഐ. തനത് | 3503654.5 | 1362080 | 4865734.5 | 4754511 | 111223.5 |
| പോസ്റ്റ് ഓഫീസ് | 9809.33 | 0 | 9809.33 | 0 | 9809.33 |
| കെ.എസ്.സി.ബി. തനത് ഫണ്ട് | 5686517.85 | 3384240 | 9070757.85 | 3816037 | 5254720.85 |
| കെ.എസ്.സി.ബി. റിലീഫ് ഫണ്ട് | 11651 | 63720 | 75371 | 33278* | 42093 |
| എസ്.ബി.ഐ. ലിറ്ററസി | 1000 | - | 1000 | - | 1000 |
| എസ്.ബി.ഐ. ലിറ്ററസി (പഴയത്) | 746 | - | 746 | - | 746 |
| കാനറാ ബാങ്ക് | 0 | 11136505 | 11136505 | 6272566 | 4863939 |
| എസ്.ബി.ഐ. കറന്റ് | 0 | 7399 | 7399 | 0 | 7399 |
| റ്റി.എസ്.ബി. | 8118243 | 13397000 | 21515243 | 22778599 | (-)1263356 |
| ക്യാഷ് | 83606 | 42096 | 125702 | 83606 | 42096 |

* റിലീഫ് ഫണ്ടിന്റെ യഥാർത്ഥ ചെലവ് 33278/- രൂപയാണ്. എന്നാൽ എ.എഫ്.എസ്. പ്രകാരം ഇത് 31000/- രൂപയാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | `നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 2757516 | 3 | 1022966 | 3 | 0 | 50 |
| 2 | ഐ.സി.ഡി.എസ്. | 9 | 7310900 | 1 | 5579551 | 6 | 2 | 11 |
| 3 | എ.ഇ. | 178 | 36592086 | 134 | 26313652 | 2 | 42 | 75 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | വി.ഇ.ഒ. I | 8 | 8000480 | 2 | 1100000 | 3 | 3 | 25 |
| 5 | വെറ്ററിനറി സർജൻ | 3 | 1250000 | 2 | 3701303 | 1 | 0 | 67 |
| 6 | സെക്രട്ടറി | 28 | 16152866 | 21 | 10391608 | 3 | 4 | 75 |
| 7 | എം.ഒ. പി.എച്ച്.സി. | 9 | 2732715 | 3 | 1940085 | 6 | 0 | 33 |
| 8 | എം.ഒ. ആയുർവേദം | 8 | 1650000 | 8 | 1650000 | 0 | 0 | 100 |
| 9 | എച്ച്.എം. | 12 | 4118035 | 2 | 2077178 | 7 | 3 | 17 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2417537 | 1 | 2417537 | 0 | 0 | 100 |
| 11 | വി.ഇ.ഒ. II | 7 | 9632909 | 0 | 6456999 | 5 | 2 | 0 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 2667500 | 2 | 1008375 | 2 | 2 | 33 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 52077 | 1295314 | 1347391 | 749130 | 598261 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12240736 | 12402736 | 12402736 | 0 |
| ആകെ | 52077 | 13535690 | 13587767 | 12989506 | 598261 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 363960 | 616 |
| കർഷക തൊഴിലാളി പെൻഷൻ | 3086600 | 249 |
| വിധവാപെൻഷൻ | 17002300 | 1374 |
| വാർദ്ധക്യകാല പെൻഷൻ | 32593200 | 2171 |
| വികലാംഗ പെൻഷൻ | 5363000 | 445 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 614400 | 49 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.01.2019 2.00 PM ന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20223/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

I)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ. 02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഉണ്ട്. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | ഉണ്ട്. |
| 4 | റെക്കോർഡ് റൂം പരിപാലനം | ഉണ്ട്. |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | ഉണ്ട്. |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | ഉണ്ട്. |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഉണ്ട്. |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഉണ്ട്. |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഉണ്ട്. |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | സഞ്ചയ സോഫ്റ്റ് വെയർ മുഖാന്തിരം രേഖപ്പെടുത്തിയിട്ടുണ്ട്.<br>വരവ് - 2,75,879 |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | ഉണ്ട്.<br>ചെയ്തിട്ടുണ്ട് |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഉണ്ട്. |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഉണ്ട്. |
| 15 | കേ.പ.രാ. (ഭേദഗതി) നിയമം 1999 അധ്യായം 25 സി, വകുപ്പ് 272 എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശരേഖ പുറപ്പെടുവിക്കണം.<br>പൗരാവകാശരേഖ എല്ലാ വീട്ടുകളിലും നൽകണം. അതനിസരിച്ചുള്ള സേവനം നൽകണം. | ഉണ്ട്. |

കാര്യാലയത്തിന്റെ പ്രവർത്തനങ്ങളും, പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

II) ആസ്തി രജിസ്റ്റർ പൂർണ്ണമല്ല

ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആസ്തി രജിസ്റ്റർ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/22.01.2019) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനായില്ല്ല.

III) രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ക്രമവൽക്കരണ രജിസ്റ്റർ,തൊഴിൽനികുതി രജിസ്റ്റർ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനായുള്ള ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

IV) കേരള ഗവ.സർക്കുലർ നം.576/DD1/16/ത.സ്വ.ഭ.വ/തീ.24.09.16, പ്രകാരം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച 2016 ലെ

പ്ലാസ്റ്റിക് വേയ്സ്റ്റ് മാനേജ്മെന്റ് ചട്ടം 6(4) ഉം 12(3) എന്നിവ പ്രകാരം പ്ലാസ്റ്റിക് മാലിന്യ ബൈലാ (കരട്) തയ്യാറാക്കി 5/7/17 കമ്മിറ്റി തീരുമാനം -1x(ll) പ്രകാരം അംഗീകരിച്ചു. സർക്കാർ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.12.2018 | 10/2018 , 11/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.09.2014 മുതൽ 16.10.2014 വരെ | 2009-10 മുതൽ 2013-14 വരെ | 20.11.2014 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ 30.08.2018 ലെ കെഎസ്എ. റ്റിവിഎം.ജിപി 4/1471/2018 കത്ത് മുഖാന്തിരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം - നടപടികൾ പാലിച്ചിട്ടില്ല.

2017-18 ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ പരിശോധിച്ചത് പ്രകാരം ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ താഴെ പറയും പ്രകാരം നടപടികൾ പാലിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം | ഇനം | പാലിക്കേണ്ട നടപടിക്രമം | നഗരസഭയുടെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | വിവരങ്ങൾ ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 13.03.2017 ന്ബജറ്റ് ശുപാർശകൾ ചർച്ച ചെയ്തിട്ടുണ്ട്. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 25.03.2017. |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 25.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക | മാർച്ച് 7-ന് | 27.03.2017. |

| | | | |
|---|---|---|---|
| | പഞ്ചായത്ത് കമ്മറ്റി ചേരൽ | മുൻപ് | |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 28.03.2017 |

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളോടും നിർവ്വഹണ ഉദ്യോഗസ്ഥരോടും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെട്ടതായോ, നിർവഹണാധികാരികൾ ബജറ്റ് ശുപാർശകൾ സമർപ്പിച്ചതിനോ ഉള്ള രേഖകളും ഫയലുകളും പരിശോധനക്ക് ലഭ്യമായില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് വകയിരുത്തലുകൾ സംബന്ധിച്ച ചർച്ച നടത്തി ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭ്യമാക്കിയതായി മിനിട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല - പഞ്ചായത്തിന് തനത് വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ് ചട്ടം സെക്ഷൻ 204(1) പ്രകാരം ഒരാൾ ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60ദിവസം ജോലി/തൊഴിൽ ഒരു പഞ്ചായത്ത് പരിധിയിൽ ചെയ്താൽ ആ വ്യക്തിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കണമെന്നും ജീവനക്കാർ തൊഴിൽ ചെയ്യുന്ന പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ഡി.സി.ബി. പൂങ്കുളം ശാഖ - I & II അർദ്ധ വർഷം
2. വെള്ളായാണി ക്ഷേത്രം (ദേവസ്വം ബോർഡ് ജീവനക്കാർ) - I & II അർദ്ധവർഷം
3. ഗ്രാമലക്ഷ്മി മുദ്രാലയം, കല്ലിയൂർ - I & II അർദ്ധവർഷം

ആയതിനെ സംബന്ധിച്ച് നൽകിയ 25/01/2019-ലെ 23/19 നമ്പർ അന്വേഷണക്കുറിപ്പിന് തൊഴിൽ നികുതി അടക്കുന്നതിനായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചു. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച - പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതൊരു ബിസിനസ് സ്ഥാപനവും രണ്ട് അർദ്ധ വർഷങ്ങളിലായി 2500/-രൂപ സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ കല്ലിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ചട്ടം 3(2) മുതൽ 3(1) വരെയുള്ള ചട്ടങ്ങൾ പ്രകാരം, ഈടാക്കേണ്ടുന്ന സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | തുക |
|---|---|---|---|
| 1 | ഡി.സി.ബി. കല്ലിയൂർ ശാഖ | I | 1,250/- |
| 2 | ഡി.സി.ബി. പെരിങ്ങമല | I | 1,250/- |
| 3 | KSFE പെരിങ്ങമല | I&II | 2,500/- |
| 4 | മാവേലി സ്റ്റോർ, കല്ലിയൂർ | I | 1,250/- |
| 5 | കല്ലിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I | 1,250/- |
| 6 | മുത്തൂറ്റ് ഫിൻ കോർപ്പ്, പുന്നമൂട് | I&II | 2,500/- |
| 7 | SBI പ്രാവച്ചമ്പലം | II | 1,250/- |
| | ആകെ | | 11,250/- |

മേൽ വിഷയത്തിൻ മേൽ നൽകിയ 25/01/2019-ലെ 25/19 നമ്പർ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ 7 സ്ഥാപനങ്ങളും സ്ഥാപനതൊഴിൽ നികുതി അടവാക്കിയതായി അറിയിച്ചു. എന്നാൽ മറുപടി പ്രകാരം അടച്ചതായ തുകകൾ മേൽ

സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയുടെ വിവരങ്ങളാണ് നൽകിയത്. മേൽ വിവരിച്ച 7 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയിനത്തിൽ ലഭ്യമാകേണ്ട 11,250/-രൂപ അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് - നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, അധ്യായം 2-ൽ കേന്ദ്ര സംസ്ഥാന വകുപ്പുകളല്ലാതെ ഏതൊരാളും ഒരു കെട്ടിടം നിർമ്മിക്കുവാനോ പുനർ നിർമ്മിക്കുവാനോ, നിർമ്മാണത്തിൽ മാറ്റം വരുത്താനോ അതിൽ കൂട്ടി ചേർക്കാനോ വിപുലീകരിക്കാനോ ഉദ്ദേശിക്കുന്ന പക്ഷം, ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വേണ്ടി ഈ ചട്ടങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള പ്ലാൻ, ഡ്രോയിംഗ്, സ്റ്റേറ്റ്മെന്റ് എന്നിവയും മൂന്ന് പകർപ്പുകളും ഒന്നാം പട്ടികയിൽ കാണിച്ചിട്ടുള്ള ഫീസ് ഒടുക്കിയതും പ്ലാനുകളും ഡ്രോയിംഗുകളും സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കിയ ബിൽഡിംഗ് ഡിസൈനറുടെയോ, എഞ്ചിനീയറുടെയോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയും ഒരു പ്രതിയോടൊപ്പം അനുബന്ധം Aയിലെ ഫോറത്തിൽ രേഖാമൂലം സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തിൽ പഞ്ചായത്തിൽ ലഭ്യമായ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ 81 അപേക്ഷകളിൽ പട്ടിക 1 പ്രകാരമുള്ള 20/-രൂപ അപേക്ഷ ഫീസ് ഈടാക്കിയിട്ടില്ല. ആയതിനെ സംബന്ധിച്ച് നൽകിയ 23.01.2019-ലെ 12/19-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയായി 19 അപേക്ഷകളിൽ 20/-രൂപ ഫീസ് വീതം ഈടാക്കിയിട്ടുണ്ടെന്ന് മറുപടി നൽകി. ഫീസ് ഈടാക്കിയിട്ടില്ലാത്ത അപേക്ഷകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ/തീയതി | പേര് | ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| 1 | A3-2301/17<br>തീയതി 05.04.2017 | ആൻസി ബാലാജി | 20 |
| 2 | A3-2308/17<br>തീയതി 05.04.2017 | ഡീൻ | 20 |
| 3 | A3-2400/17<br>തീയതി 11.04.2017 | ഷിബു | 20 |
| 4 | A3-2450/17<br>തീയതി 12.04.2017 | പ്രത്യുമ്നകുമാർ | 20 |
| 5 | A3-2590/17<br>തീയതി 19.04.2017 | ജയകുമാർ | 20 |
| 6 | A3-2622/17<br>തീയതി 20.04.2017 | മേഴ്സി | 20 |
| 7 | A3-2633/17<br>തീയതി 21.04.2017 | ഗോപാലകൃഷ്ണൻ | 20 |
| 8 | A3-2678/17<br>തീയതി 22.04.2017 | സുനിൽകുമാർ | 20 |
| 9 | A3-2709/17<br>തീയതി 24.04.2017 | രാജശേഖരൻ | 20 |
| 10 | A3-2837/17<br>തീയതി 11.04.2017 | ശ്രീകണ്ഠൻ നായർ | 20 |
| 11 | A3-2930/17<br>തീയതി 03.05.2019 | തങ്കമണി | 20 |
| 12 | A3-2938/17<br>തീയതി 03.05.2017 | ഉഷകുമാരി | 20 |
| 13 | A3-2965/17<br>തീയതി 04.05.2017 | വിഷ്ണു | 20 |
| 14 | A3-3102/17<br>തീയതി 11.05.2017 | സനൽകുമാർ | 20 |
| 15 | A3-3259/17<br>തീയതി 17.05.2017 | ലേഖ | 20 |
| 16 | A3-3265/17<br>തീയതി 17.05.2017 | സുരേഷ് | 20 |
| 17 | A3-3280/17<br>തീയതി 17.05.2017 | വിനോദ് | 20 |
| 18 | A3-/3334/17<br>തീയതി 20.05.2017 | ദേവി | 20 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 19 | A3-3351/17<br>തീയതി 20.05.2017 | എം. രാമചന്ദ്രൻ | 20 |
| 20 | A3-3428/17<br>തീയതി 24.05.2017 | കെ.പി. ശശിപ്രഭ | 20 |
| 21 | A3-3432/17<br>തീയതി 24.05.2017 | ഷൈജ്ജ | 20 |
| 22 | A3-3479/17 തീയതി | കെ. ഭാസ്കരൻ നായർ | |
| 23 | A3-3487/17<br>തീയതി 26.05.2017 | റാണി | |
| 24 | A3-3492/17<br>തീയതി 27.05.2017 | ശശികുമാരൻ നായർ | 20 |
| 25 | A3-3541/17<br>തീയതി 30.05.2017 | ജയപ്രസാദ് | 20 |
| 26 | A3-3565/17<br>തീയതി 31.05.2017 | സുജാത | 20 |
| 27 | A3-3676/17<br>തീയതി 06.06.2017 | സുജാത. വി. | 20 |
| 28 | A3-3704/17<br>തീയതി 07.06.2017 | രാധാകൃഷ്ണൻ നായർ | 20 |
| 29 | A3-3740/17<br>തീയതി 09.06.2017 | രാജൻ | 20 |
| 30 | A3-3843/17<br>തീയതി 15.06.2017 | ദീപു | 20 |
| 31 | A3-3889/17<br>തീയതി 16.06.2017 | സ്റ്റീഫൻ | 20 |
| 32 | A3-3986/17<br>തീയതി 20.06.2017 | ജയഷിബു | 20 |
| 33 | A3-4041/17<br>തീയതി 22.06.2017 | സുരേഷ്കുമാർ | 20 |
| 34 | A3-4088/17<br>തീയതി 23.06.2017 | മഹേഷ് | 20 |
| 35 | A3-4112/17<br>തീയതി 24.06.2017 | ജയകുമാർ | 20 |
| 36 | A3-4195/17<br>തീയതി 29.06.2017 | റാബിയാത്ത്ബഷീർ | 20 |
| 37 | A3-4214/17<br>തീയതി 29.06.2017 | KY മൻജിത്ത് | 20 |
| 38 | A3-4336/17<br>തീയതി 05.07.2017 | ഹഷിബാ ബീവി | 20 |
| 39 | A3-4346/17<br>തീയതി 05.07.2017 | ലിസി തോമസ് | 20 |
| 40 | A3-4448/17<br>തീയതി 10.07.2017 | സ്റ്റീഫൻ | 20 |
| 41 | A3-4789/17<br>തീയതി 24.07.2017 | ഗോഡ്ഫ്രി പ്രതാപ് | 20 |
| 42 | A3-4859/17<br>തീയതി 26.07.2017 | ശ്രീജ | 20 |
| 43 | A3-5047/17<br>തീയതി 01.08.2017 | രാജേഷ് | 20 |
| 44 | A3-5131/17<br>തീയതി 03.08.2017 | മാധവൻ നായർ | 20 |
| 45 | A3-5132/17<br>തീയതി 03.08.2017 | വി. കുമാരി ബിന്ദുജ | 20 |
| 46 | A3-5141/17<br>തീയതി 04.08.2017 | രാജേന്ദ്രൻ നായർ | 20 |
| 47 | A3-5176/17<br>തീയതി 05.08.2017 | S. അജിത്കുമാർ | 20 |
| 48 | A3-5202/17 | സുഭാഷ് | 20 |

| | | | |
|---|---|---|---|
| | തീയതി 07.08.2017 | | |
| 49 | A3-5832/17<br>തീയതി 26.08.2017 | സുരേഷ്കുമാർ | 20 |
| 50 | A3-6471/17<br>തീയതി 25.09.2017 | കവിരാജ് | 20 |
| 51 | A3-6547/17<br>തീയതി 27.09.2017 | ശ്യാമ | 20 |
| 52 | A3-6795/17<br>തീയതി 07.10.2017 | - | 20 |
| 53 | A3-7060/17<br>തീയതി 26.10.2017 | രാജശേഖരൻ | 20 |
| 54 | A3-7593/17<br>തീയതി 10.11.2017 | അനിൽ | 20 |
| 55 | A3-8199/17<br>തീയതി 05.12.2017 | പ്രതാപ് വർക്കി | 20 |
| 56 | A3-8789/17<br>തീയതി 23.12.2017 | - | 20 |
| 57 | A3-346/18<br>തീയതി 16.01.2018 | പവിത്രൻ | 20 |
| 58 | A3-1139/18 തീയതി | സന്തോഷ്കുമാർ | 20 |
| 59 | A3-1140/18<br>തീയതി 16.03.2018 | രാജൻ | 20 |
| 60 | A3-1304/18<br>തീയതി 22.02.2018 | രാധാകൃഷ്ണൻ | 20 |
| 61 | A3-1843/18<br>തീയതി 14.03.2018 | - | 20 |
| 62 | A3-7773/18<br>തീയതി 12.03.2018 | വിനോദ് രവീന്ദ്രൻ | 20 |

മേൽ വിവരിച്ച അപേക്ഷകളിൽ നിന്നും 20/-രൂപ ഈടാക്കാത്തതിനാൽ 1240/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. അപേക്ഷകൾ സ്വീകരിച്ച ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും പെർമിറ്റ് നൽകിയ സെക്രട്ടറിയുടെയും ശ്രദ്ധക്കുറവ് ഈക്കാര്യത്തിൽ സംഭവിച്ചിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നു.

## 2-5 D&O ലൈസൻസിനുള്ള അപേക്ഷകൾ അപൂർണ്ണം

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ആകെ 320 D&O ലൈസൻസ് നൽകിയിട്ടുണ്ട്. D&O ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മുപ്പതോളം അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ,സെക്രട്ടറിയുടെ ശുപാർശ എന്നിവ വ്യക്തമായ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 32 അപേക്ഷകളിൽ നിന്നും കോർട്ട് ഫീ സ്റ്റാമ്പ് അടക്കമുള്ള ഭാഗം കീറി എടുത്തിട്ടുണ്ട്. ഭാവിയിൽ അപേക്ഷകൾ വ്യക്തമായി പരിശോധിച്ച് ലൈസൻസ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ടെണ്ടർ രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല

സ.ഉ(പി)നം.13/2012/പി.ഡബ്ല്യു.ഡി തീയതി 01.02.2012 പാരാ 2009.1 പ്രകാരം സ്ഥാപനത്തിനു ലഭിക്കുന്ന ടെണ്ടറുകളെ സംബന്ധിച്ച വിവരം Appendix 2000B മാതൃകയിൽ (ടെണ്ടർ നം, ടെണ്ടർ തുറന്ന തീയതി, സമയം, ടെണ്ടററുടെ പേരും വിലാസവും, രജിസ്ട്രേഷൻ നം, ഇ.എം.ഡി. ഒടുക്കിയതു സംബന്ധിച്ച വിവരം, ക്വാട്ട് ചെയ്ത നിരക്ക്, ടെണ്ടററുടെ ഒപ്പ്, ടെണ്ടറുകളുടെ തീർപ്പ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി എ.ഇ. സാക്ഷ്യപ്പെടുത്തി) ടെണ്ടർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ വിധം ടെണ്ടർ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ടെണ്ടർ രജിസ്റ്റർ ആധികാരികമാക്കേണ്ടതാണ്.

## 2-7 കരാർ ചമയ്ക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല

സ.ഉ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ ഭരണസമിതി അംഗീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ്; തുടർന്ന് 10 ദിവസം വരെ പി.എ.സി. യുടെ 1%

പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതും, വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് കരാറുകാരൻ പ്രസ്തുത സമയപരിധി പാലിക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ കരാർ ചമയ്ക്കാൻ അനുവദിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോ. നം | പ്രോജക്ടിന്റെ പേര് | പി.എ.സി. | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| | 209/18 | അയ്യൻതറ കിഴക്കേതോട്ടിൻകര നടപ്പാത സൈഡ് വാൾ നിർമ്മാണം | 182967 | വിനീത് കെ.ആർ | 16.10.2017 | 07.11.2017 | 1830 |
| | 152/18 | വാറുവിള ഇടവഴി കോൺക്രീററിംഗ്, പാർശ്വഭിത്തി നിർമ്മാണം സെക്കന്റ് റീച്ച് | 132979 | വിനീത് കെ.ആർ | 16.10.2017 | 07.11.2017 | 1330 |
| | 123/18 | കമുകിൻകുഴി ഇടവഴി പുനരുദ്ധാരണം | 84977 | വിനീത് കെ.ആർ | 16.10.2017 | 07.11.2017 | 1000 |
| | 129/18 | നാരങ്ങറത്തല ഇടവഴി കോൺക്രീററിംഗ് | 113959 | വിക്രമൻ വി | 16.10.2017 | 02.11.2017 | 1140 |
| | 197/18 | ചെറിയൽ തെക്കത് നട നടപ്പാത കോൺക്രീററിംഗ് | 299920 | ഷിബു. ആർ | 16.10.2017 | 07.11.2017 | 2999 |
| | 187/18 | ചെങ്കോട് മണലി ഏല നടപ്പാത റീകോൺക്രീറ്റിംഗ് | 182850 | മോഹനകുമാർ സി | 13.09.2017 | 25.10.2017 | 1829 |
| | 259/18 | മല്ലൻകാവ് റോഡ് സൈഡ് വാൾ നിർമ്മാണം | 143997 | അജി കെ. മാത്യൂസ് | 02.11.2017 | 18.11.2017 | 1440 |
| | 151/18 | കുഴിയംവിള റോഡ് റീടാറിംഗ് | 480940 | അജി കെ. മാത്യൂസ് | 16.10.2017 | 18.11.2017 | 4809 |
| | 194/18 | ചെങ്കോട് കീഴ്പ്പാട് റോഡ് റീടാറിംഗ്, ബേം കോൺക്രീററിംഗ് | 479962 | ശങ്കരൻ നായർ | 13.09.2017 | 05.10.2017 | 4800 |
| | 157/18 | വട്ടറോഡ് കാഞ്ഞിരത്തടി റോഡ്, സെക്കന്റ് മെറ്റലിംഗ്, ടാറിംഗ് | 193714 | ശങ്കരൻ നായർ | 16.10.2017 | 03.11.2017 | 1937 |
| | 138/18 | മാവിള കുഴിതാലച്ചൽ റോഡ് റീടാറിംഗ് | 199910 | വിനീത് കെ.ആർ | 16.10.2017 | 07.11.2017 | 1999 |
| | 127/18 | ചുട്ടകണ്ടാംവിള റോഡ് റീടാറിംഗ് | 480960 | വിനീത് കെ.ആർ | 16.10.2017 | 07.11.2017 | 4810 |
| | ആകെ | | | | | | 29,923 |

മേൽ പദ്ധതികളിൽ നിന്നു മാത്രം പിഴയിനത്തിൽ ലഭിക്കേണ്ട 29,923/- രൂപ ഗ്രാമപഞ്ചായത്തിനു നഷ്ടമായി. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 11/23.01.2019) ന പിഴതുക പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കരാറുകൾ ചമക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട സമയപരിധി പാലിക്കേണ്ടതും, വീഴ്ച വരുത്തുന്നപക്ഷം പിഴ ഈടാക്കുവാനും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-8 ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. ഗ്രാമപഞ്ചായത്ത് നാളിതുവരെ നടത്തിയിട്ടുള്ള ഇ ടെണ്ടറുകളുടെ വിശദാംശങ്ങൾ, ടെണ്ടർ ഫോറവിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ട തുക എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.9/22.01.2019) മറുപടി ലഭ്യമാക്കിയില്ല.

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 2-9 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല.

1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. എന്നാൽ, പ്രവൃത്തി ബില്ലുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് മേൽ പ്രകാരമുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. തൻവർഷം ഗ്രാമപഞ്ചായത്ത് 2,63,13,652 രൂപയുടെ പ്രവൃത്തികളാണ് നിർവ്വഹിച്ചത്. ഇതിൽ നിന്നുള്ള ക്ഷേമനിധി വിഹിതം കളക്ഷൻ ചാർജിനത്തിൽ 2,631/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. പ്രവൃത്തി ബില്ലുകളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന തുകയ്ക്ക് കൃത്യമായി കളക്ഷൻ ചാർജ്ജ് ഈടാക്കി തനതു അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എം ബുക്കുകൾ ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

ചുവടെചേർക്കുന്ന പ്രവൃത്തികളുടെ എം ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | എം ബുക്ക് നമ്പർ | ബിൽ നമ്പർ/ തീയതി | ചെലവ് തുക |
|---|---|---|---|---|
| 53/18 | വേവിള അംഗൻവാടിക്ക് ടോയ് ലറ്റ് | 947/2016-17,<br>11/2017-18 | 53/18,<br>25.01.2018 | 64353 |
| 263/18 | ആയുർവേദ ആശുപത്രി കെട്ടിടം പൂർത്തീകരണം | 58/2016-17 | 263/18,<br>22.08.2017 | 986624 |
| ആകെ | | | | 1050977 |

അളവു പുസ്തകം ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/30.01.2019) അവ ഫയലുകളോടൊപ്പം ചേർത്തു വച്ചിട്ടുള്ളതായി ഓഡിറ്റ് കാലയളവിനു ശേഷം മറുപടി ലഭ്യമാക്കിയെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയില്ല. അളവു പുസ്തകങ്ങൾ പരിശോധനക്ക് ലഭിക്കാത്തതിനാൽ ചെലവ് തുക 1050977/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ഫ്ലോറിംഗിന് അധികം കനം - 5216/- രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല

ചീഫ് എഞ്ചിനീയറുടെ 20.01.1994 തീയതിയിലെ ടെക്നിക്കൽ സർക്കുലർ നം. 1/94 പ്രകാരം ഫ്ലോറിംഗിനുള്ള കോൺക്രീറ്റ് 1:4:8 ൽ 75mm കനത്തിലാണ് ചെയ്യേണ്ടത്. ചുവടെചേർക്കുന്ന പ്രവൃത്തിയിൽ ആയതിലും അധികകനത്തിൽ ഫ്ലോറിംഗ് ചെയ്യുകയുണ്ടായി.

| | |
|---|---|
| പ്രോജക്ട് നം. | 258/18 |
| പ്രോജക്റ്റിന്റെ പേര് | എം.ആർ.എഫ്. ഷെഡ് നിർമ്മാണം |
| അടങ്കൽ തുക | 40939 വികസന ഫണ്ട്<br>497126 ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് തുക | 40721 വികസന ഫണ്ട് |

| | |
|---|---|
| | 497126 ധനകാര്യ കമ്മിഷൻ അവാർഡ് |
| ബിൽ നം., തീയതി | 258/18, തീയതി 22.02.2018 - 497126<br><br>258/18, തീയതി 06.03.2018 - 40721 |
| എം ബുക്ക് നം | 840/2016-17 |
| കരാറുകാരൻ | അനിൽ ജി.<br><br>ഇ ടെണ്ടർ, കോസ്റ്റ് ഇൻഡെക്സ് - 50.98 |

| ഇനം | ചെയ്ത അളവ് | അനുവദിച്ച തുക | അനുവദിക്കേണ്ട അളവ്, തുക | എം അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| ഇനം 2 – 4.1.8 providing and laying in position cement concrete of specified grade exclusidng the cost of centering and shuttering – All woork up to plinth level 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | 8mx5m x 0.1m = $4m^3$ | $4x5216/m^3$ = 20864 | 8m x 5m x 0.075m = $3m^3$,<br><br>3 x $5216/m^3$ = 15648 | 5216 |

ഫ്ലോറിംഗിന് 75 mm കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനു പകരം ശേഷം 100mm കനത്തിൽ കോൺക്രീറ്റ് ചെയ്യുവാനുണ്ടായ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32 തീയതി 30.01.2019) "എം.ആർ.എഫ്. ഷെഡ് സാധാരണ ലൈവ് ലോഡ് മാത്രം വരുന്നതല്ലായെന്നും, പല സാധന സാമഗ്രികൾ കൊണ്ടിടുമ്പോൾ പൊട്ടി പോകുമെന്നതിനാലാണ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരവും 100mm കനത്തിൽ കോൺക്രീറ്റ് ചെയ്തത് " എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഫ്ലോറിംഗ് അധിക കനത്തിൽ ചെയ്യേണ്ടതിന്റെ ആവശ്യകത വിവരിച്ചിട്ടില്ല. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. ഫ്ലോറിംഗ് ചെയ്തതിലുണ്ടായ അധിക ചെലവ് തുക 5216/- രൂപ നിരാകരിക്കുന്നു.

## 3-3 സൈഡ് വാൾ നിർമ്മാണം - അപാകങ്ങൾ

Circular no 87/2016 dtd 18.11.2016 of finance (Inspection wing-Technical)Department-അനുസരിച്ച് സൈഡ് വാൾ നിർമ്മാണം rubble masonary ഉപയോഗിച്ച് നിർവഹിക്കേണ്ടതാണ്. (ജില്ലാ പഞ്ചായത്തും ഈനിർദ്ദേശം നല്കിയിട്ടുള്ളതാണ്.) എന്നാൽ ഗ്രാമപഞ്ചായത്ത് ഭൂരിഭാഗം സൈഡ് വാൾ നിർമ്മാണ പ്രവൃത്തികൾക്കും റബിൾ മേസണറിക്കു പകരം ആർ.സി.സി. ആണ് ഉപയോഗിച്ചിരിക്കുന്നത്. ആർ.സി.സി.നിർമ്മാണത്തിന്റെ ആവശ്യകത അന്വേഷിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 11/22.01.2019) "പണി നടന്നു വരുന്ന കാലയളവിൽ റബിൾ ലഭ്യമല്ലാതിരുന്നതിനാലും, പദ്ധതി തുക സമയബന്ധിതമായി തീർക്കേണ്ടി വന്നതിനാലുമാണ് ഡി.പി.സി അംഗീകാരവും, സാങ്കേതികാനുമതിയും നേടി ഇപ്രകാരം പദ്ധതികൾ നിർവഹിച്ചതെന്നും, കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മിക്കുമ്പോൾ അധിക ചെലവ് ഉണ്ടാകുന്നില്ലാ" യെന്നും മറുപടി ലഭ്യമാക്കി. റബിൾ മേസണറിക്കു പകരം കോൺക്രീറ്റ് ഭിത്തി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത പദ്ധതികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ അസി. എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കൂടി പാലിച്ചു പദ്ധതികൾ നിർവഹിക്കേണ്ടതാണ്.

<u>എ) സൈഡ് വാൾ നിർമ്മാണം - കോൺക്രീററിന് അധിക നിരക്ക് അനുവദിച്ചു.</u>

വിവിധ സൈഡ് വാൾ നിർമ്മാണ പ്രവൃത്തികളിൽ 11.4.1.1 സിമന്റ് കോൺക്രീറ്റ് 1:3:6 ഇനം കോൺക്രീറ്റിന് അനുവദിക്കേണ്ട നിരക്ക് $m^3$ ന് 7725.54/-രൂപയാണ്. എന്നാൽ ഇതിന് പകരം $m^3$ ന് അധിക നിരക്ക് അനുവദിച്ചതിലൂടെ വിവിധ പ്രവൃത്തികളിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

അംഗീകൃത നിരക്ക്.(Mord 11.4.1)

| item | Unit | Quantity | Rate Rs | Cost RS |
|---|---|---|---|---|
| cement | tonne | 0.25 | 5792.24 | 1448.06 |
| Coarse sand at site | Cum | 0.48 | 1303.77 | 625.81 |
| 40 mm aggregate | Cum | 0.576 | 1362.79 | 784.97 |
| 20 mm aggregate | Cum | 0.288 | 1403.77 | 404.29 |
| | | | | |

| | | | | |
|---|---|---|---|---|
| 10 mm aggregate | Cum | 0.096 | 1403.77 | 134.76 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist class) | Day | 0.1 | 487 | 48.7 |
| Mazdoor (unskilled) | Day | 1.63 | 368 | 599.84 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ........And form work @4% on cost of material | hour | 0.4 | 100 | 40 |
| Cost of 1.0 cum | | | | 4228.88 |
| Add Overhead @ 10% | | | | 422.88 |
| Add CP | | | | 465.178 |
| Total | | | | 5116.93 |
| Cost Index @50.98% | | | | 2608.61 |
| Total for 1Cum | | | | 7725.54 |

അധിക നിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പൊറ്റവിള ശിവക്ഷേത്രം റോഡ് സൈഡ് വാൾ നിർമ്മാണം(116/18)

അടങ്കൽ - 292655/-മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ്-290999/-

കരാറുകാരൻ-അനിൽ ജി

ടെണ്ടർ-23.2% below

എം ബുക്ക് നം-688/2017-18

ബിൽ നം-116/18.dtd.28/03/18

നല്കിയ തുക-34.503$m^3$@8034.59$m^3$=277217.46/-രൂപാ

നല്കേണ്ട തുക-34.503$m^3$@7725.54$m^3$=266554.31/-രൂപാ

വ്യത്യാസം- 10663.15

ടെണ്ടർ കുറവ്-2473.85

അധികം നല്കിയ തുക-8189/-

2) പാലപ്പൂര് പേഴ നിന്നവിള സൈഡ് വാൾ നിർമ്മാണം(117/18)

അടങ്കൽ - 89901/- ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവ്-83963/-

കരാറുകാരൻ-ഷിബു. ആർ

ടെണ്ടർ-10.1% below

എം ബുക്ക് നം-10/2017-18

ബിൽ നം-117/18.dtd.25/01/18

നല്കിയ തുക-9.276$m^3$@8034.59$m^3$=74528.85/-രൂപാ

നല്കേണ്ട തുക-9.276m$^3$@7725.54m$^3$=71662.10രൂപാ

വ്യത്യാസം- 2866.74

ടെണ്ടർ കുറവ്-289.5

അധികം നല്കിയ തുക-2577/-

3) <u>പാലപ്പൂര് ചരുവിള തീരദേശ നടപ്പാത കോൺക്രീറ്റിംഗ്, പാർശ്വഭിത്തി നിർമ്മാണം (118/18)</u>

അടങ്കൽ - 146217/- എസ്.സി.പി.

ചെലവ്-146180/-

കരാറുകാരൻ-വിൽസൺ ആർ

ടെണ്ടർ-20.1% below

എം ബുക്ക് നം-236/17-18

ബിൽ നം-118/18.dtd.16/01/18

നല്കിയ തുക-13.435m$^3$@8034.59m$^3$=107944.72/-രൂപാ

നല്കേണ്ട തുക-13.435m$^3$@7725.54m$^3$=103792.63രൂപാ

വ്യത്യാസം- 4152.09

ടെണ്ടർ കുറവ്-834.57

അധികം നല്കിയ തുക-3318/-

4) <u>മണലിവിള നടപ്പാത സൈഡ് വാൾ നിർമ്മാണം സെക്കന്റ് റീച്ച് (136/18)</u>

അടങ്കൽ - 182086/-എസ്.സി.പി.

ചെലവ്-181893/-

കരാറുകാരൻ-ഷിബു. ആർ

ടെണ്ടർ-0.5% below

എം ബുക്ക് നം-126/2017-18

ബിൽ നം-136/18.dtd.16/01/18

നല്കിയ തുക-18.98m$^3$@8034.59m$^3$=152496.52/-രൂപാ

നല്കേണ്ട തുക-18.98m$^3$@7725.54m$^3$=146630.75രൂപാ

വ്യത്യാസം- 5865.77

ടെണ്ടർ കുറവ്-29

അധികം നല്കിയ തുക-5836/-

5) <u>അംബേദ്കർ റോഡ് സൈഡ് വാൾ നിർമ്മാണം (141/18)</u>

അടങ്കൽ - 206670/- എസ്.സി.പി.

ചെലവ്-199145/-

കരാറുകാരൻ-എസ്. രാജേന്ദ്രൻ

ടെണ്ടർ-17% below

എം ബുക്ക് നം-30/2017-18

ബിൽ നം-141/18.dtd.18/11/17

നല്കിയ തുക-24.831m$^3$@8034.59m$^3$=199506.90/-രൂപ

നല്കേണ്ട തുക-24.831m$^3$@7725.54m$^3$=191832.88രൂപ

വ്യത്യാസം- 7674

ടെണ്ടർ കുറവ്-1304.58

അധികം നല്കിയ തുക-6369/-

6) <u>വാറുവിള ഇടവഴി കോൺക്രീറ്റിംഗ്, പാർശ്വഭിത്തി നിർമ്മാണം സെക്കന്റ് റീച്ച് (152/18)</u>

അടങ്കൽ - 133000/- എസ്.സി.പി.

ചെലവ്-132978/-

കരാറുകാരൻ-വിനീത് കെ.ആർ.

ടെണ്ടർ-0.001% below

എം ബുക്ക് നം-319/2017-18

ബിൽ നം-152/18.dtd.20/01/18

നല്കിയ തുക-10.245m$^3$@8034.59m$^3$=82314.37/-രൂപ

നല്കേണ്ട തുക-10.245m$^3$@7725.54m$^3$=79148.16രൂപ

വ്യത്യാസം- 3166.21

ടെണ്ടർ കുറവ്-0

അധികം നല്കിയ തുക-3166/-

7) <u>കുത്തലംപാട് ഭഗത്സിംഗ് റോഡ് പാർശ്വഭിത്തി നിർമ്മാണം (198/18)</u>

അടങ്കൽ - 183000/- എസ്.സി.പി.

84561/- മെയിന്റനൻസ് റോഡ്

ചെലവ്-267467/-

കരാറുകാരൻ-പ്രഭാകരൻ സി

ടെണ്ടർ-22% below

എം ബുക്ക് നം-241/2017-18

ബിൽ നം-198/18.dtd.16/01/18 -84561

198/18.dtd.16/01/18 -182906

നല്കിയ തുക-30.048m$^3$@8034.59m$^3$=241423.36/-രൂപ

നല്കേണ്ട തുക-30.048m$^3$@7725.54m$^3$=232137.03രൂപ

വ്യത്യാസം- 9286.33

ടെണ്ടർ കുറവ്-2042.99

അധികം നല്കിയ തുക-7243/-

8) <u>പള്ളിത്തറ ഇടവഴികൾ കോൺക്രീറ്റ്, പാർശ്വഭിത്തികൾ നിർമ്മാണം (199/18)</u>

അടങ്കൽ - 339000/- എസ്.സി.പി.

ചെലവ്-338713/-

കരാറുകാരൻ-റ്റി. ശശി

ടെണ്ടർ-0.001% below

എം ബുക്ക് നം-309/17-18

ബിൽ നം-199/18.dtd.28/03/18

നല്കിയ തുക-25.281$m^3$@8034.59$m^3$=203122.47രൂപാ

നല്കേണ്ട തുക-25.281$m^3$@7725.54$m^3$=195309.38രൂപാ

വ്യത്യാസം- 7813

ടെണ്ടർ കുറവ്-0

അധികം നല്കിയ തുക-7813/-

9) <u>വയലരികം പണയിൽ ഇടവഴി കോൺക്രീറ്റിംഗ്, പർശ്വഭിത്തി നിർമ്മാണം സെക്കന്റ് റീച്ച് (207/18)</u>

അടങ്കൽ - 213500/- എസ്.സി.പി.

ചെലവ്-211151/-

കരാറുകാരൻ-വിക്രമൻ വി

ടെണ്ടർ-എസ്റ്റിമേറ്റ് നിരക്ക്

എം ബുക്ക് നം-74/2017-18

ബിൽ നം-207/18.dtd.22/02/18

നല്കിയ തുക-15.847$m^3$@8034.59$m^3$=127324.15രൂപാ

നല്കേണ്ട തുക-15.847$m^3$@7725.54$m^3$=122426.63രൂപാ

വ്യത്യാസം- 4897.52

ടെണ്ടർ കുറവ്-0

അധികം നല്കിയ തുക-4898/-

10) <u>അയ്യൻതറ കിഴക്കേ തോട്ടിൻകര നടപ്പാത സൈഡ് വാൾ നിർമ്മാണം (209/18)</u>

അടങ്കൽ - 183000/-എസ്.സി.പി.

ചെലവ്-182965/-

കരാറുകാരൻ-വിനീത് കെ. ആർ.

ടെണ്ടർ-0.001% below

എം ബുക്ക് നം-312/2017-18

ബിൽ നം-209/18.dtd.20/01/18 -182965

നല്കിയ തുക-19.09$m^3$@8034.59$m^3$=153380.32/-രൂപാ

നല്കേണ്ട തുക-19.09$m^3$@7725.54$m^3$=147480.56/-രൂപാ

വ്യത്യാസം- 5899.76

ടെണ്ടർ കുറവ്-0

അധികം നല്കിയ തുക-5900

11) <u>പാലപ്പൂര് കായൽക്കര റോഡ് പാർശ്വഭിത്തി നിർമ്മാണം (213/18)</u>

അടങ്കൽ - 233732/- ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവ്-233587/-

കരാറുകാരൻ-വിൽസൺ ആർ

ടെണ്ടർ-22.1% below

എം ബുക്ക് നം-235/17-18

ബിൽ നം-213/18.dtd.16/01/18 -233587

നല്കിയ തുക-29.40$m^3$@8034.59$m^3$=236216.95/-രൂപാ

നല്കേണ്ട തുക-29.40$m^3$@7725.54$m^3$=227130.88രൂപാ

വ്യത്യാസം- 9086.

ടെണ്ടർ കുറവ്-2008

അധികം നല്കിയ തുക-7078/-

12) <u>കല്ലുവിള ചാനൽക്കര നടപ്പാത പാർശ്വഭിത്തി നിർമ്മാണം (214/18)</u>

അടങ്കൽ - 151927/-എസ്.സി.പി.

ചെലവ്-151922/-

കരാറുകാരൻ-പി.കെ. സതികുമാർ

ടെണ്ടർ-22% below

എം ബുക്ക് നം-09/2017-18

ബിൽ നം-214/18.dtd.11/01/18

നല്കിയ തുക-18.865$m^3$@8034.59$m^3$=151572.54/-രൂപാ

നല്കേണ്ട തുക-18.865$m^3$@7725.54$m^3$=145742.31രൂപാ

വ്യത്യാസം- 5830.23

ടെണ്ടർ കുറവ്-1282.65

അധികം നല്കിയ തുക-4548/-

13) <u>കിഴക്കേകര ഇടവഴി റീകോൺക്രീറ്റിംഗ്, സൈഡ് വാൾ നിർമ്മാണം (241/18)</u>

അടങ്കൽ - 192241/- മെയിന്റനൻസ് റോഡ്

ചെലവ്-183767/-

കരാറുകാരൻ-വിനീത് കെ. ആർ.

ടെണ്ടർ-15% below

എം ബുക്ക് നം-303/2017-18

ബിൽ നം-241/18.dtd.28/03/18

നല്കിയ തുക-16.451$m^3$@8034.59$m^3$=132177.04/-രൂപാ

നല്കേണ്ട തുക-16.451$m^3$@7725.54$m^3$=127092.86രൂപാ

വ്യത്യാസം- 5084.18

ടെണ്ടർ കുറവ്-762.63

അധികം നല്കിയ തുക-4322/-

14) <u>പകല്ലൂർ വെയിലൂർക്കോണം റോഡ് സെക്കന്റ് മെറ്റലിംഗ്, ടാറിംഗ്, പാർശ്വഭിത്തി നിർമ്മാണം (251/18)</u>

അടങ്കൽ - 476191/-മെയിന്റനൻസ് റോഡ്

ചെലവ്-458292/-

കരാറുകാരൻ-ജി. ശങ്കരൻ നായർ

ടെണ്ടർ-1% below

എം ബുക്ക് നം-304/2017-18

ബിൽ നം-251/18.dtd.28/02/18

നല്കിയ തുക-23.66$m^3$@8034.59$m^3$=190098.4/-രൂപാ

നല്കേണ്ട തുക-23.66$m^3$@7725.54$m^3$=182786.28രൂപാ

വ്യത്യാസം- 7312.12

ടെണ്ടർ കുറവ്-73

അധികം നല്കിയ തുക-7239/-

15) <u>മല്ലൻ കാവ് റോഡ് സൈഡ് വാൾ നിർമ്മാണം (259/18</u>)

അടങ്കൽ - 144000/- മെയിന്റനൻസ് റോഡ്

ചെലവ്-142189/-

കരാറുകാരൻ-അജി. ജെ. മാത്യൂസ്

ടെണ്ടർ-എസ്റ്റിമേറ്റ് നിരക്ക്

എം ബുക്ക് നം-360/2017-18

ബിൽ നം-259/18.dtd.08/02/18 -142189

നല്കിയ തുക-15.525$m^3$@8034.59$m^3$=124737.01/-രൂപാ

നല്കേണ്ട തുക-15.525$m^3$@7725.54$m^3$=119939/-രൂപാ

വ്യത്യാസം- 4798

ടെണ്ടർ കുറവ്-0

അധികം നല്കിയ തുക-4798/-

16) <u>പാലപ്പൂര് പേഴനിന്നവിള സൈഡ് വാൾ നിർമ്മാണം സെക്കന്റ് റീച്ച് (285/18</u>)

അടങ്കൽ - 157308/-വികസന ഫണ്ട്

ചെലവ്-149059/-

കരാറുകാരൻ-ഷിബു. ആർ

ടെണ്ടർ-എസ്റ്റിമേറ്റ് നിരക്ക്

C.I. - 44.12

എം ബുക്ക് നം-800/2016-17

ബിൽ നം-285/18.dtd.28/03/18

നല്കിയ തുക-15.721m3@7669.53$m^3$=120572.68/-രൂപാ

നല്കേണ്ട തുക-15.721$m^3$@7374.55$m^3$=115935.30രൂപാ

വ്യത്യാസം- 4637.38

ടെണ്ടർ കുറവ്-0

അധികം നല്കിയ തുക-4637/-

ഈ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 11 തീയതി. 22/01/12019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിൽ "ഡാറ്റായിൽ ഹിഡൻ റേറ്റ് ആയി 4% form work കൂടി ഉൾപ്പെട്ടിട്ടുള്ളതായും, ആയതു കൂടി ഉൾപ്പെടുത്തുമ്പോൾ അനുവദിച്ച നിരക്കു ലഭിക്കുന്നുവെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി തൃപ്തികരമല്ല. അധികമായി അനുവദിച്ച തുക 87931/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 3-4 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ

പൊറ്റവിള പാപ്പാംചാണി റോഡ് ഇന്റർലോക്ക് (57/18) പദ്ധതി പ്രകാരം 24 m നീളത്തിൽ റോഡ് ഇന്റർലോക്ക് ചെയ്യുന്നതിനാണ് ഡി.പി.സി അംഗീകാരം നൽകിയിരുന്നത് (PLG1000/2016-17/DPC/DPC/TVPM തീയതി 16.02.2017). ഇതിനായുള്ള സാങ്കേതികാനുമതിയും 08.03.2017 ൽ (TSNo. 83737/2016-17)ൽ ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിലും ഇന്റർലോക്കിംഗ് പ്രവൃത്തി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ' റോഡ് താഴ്ന്നയപ്പോൾ ധാരാളം വാട്ടർ കണക്ഷനുകളും പൈപ്പുകളും ട്രഞ്ച് എടുത്ത് താഴ്ത്തിയിടേണ്ടിവന്നതിനാലും ഇന്റർലോക്ക് ഇട്ടാൽ മണ്ണ് താഴ്ന്ന് ഡിസ് ലൊക്കേഷൻ ഉണ്ടാകാൻ സാധ്യതയുള്ളതിനാലും റോഡ് താഴ്ന്ന വെള്ളം ഒഴുകി പോകാനുള്ള സാഹചര്യം ഉണ്ടാക്കി ടാർ ചെയ്താൽ മതി എന്ന് നാട്ടുകാർ ആവശ്യപ്പെട്ടതായും എ.ഇ. ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനാൽ '10.04.2017 തീയതിയിലെ ഭരണസമിതി IV (11)-ാം നമ്പർ തീരുമാനത്തിലൂടെ എസ്റ്റിമേറ്റ് പുതുക്കി ടാർ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകുകയും, 30m നീളത്തിൽ ടാർ റോഡ് നിർമ്മിക്കുകയും ചെയ്തു (എം ബുക്ക് നം. 789/2016-17).

ഡി.പി.സി. അംഗീകാരം നേടിയ പദ്ധതിയിൽ ഇപ്രകാരം ഭേദഗതി വരുത്തേണ്ടി വന്നത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതയായി വിലയിരുത്തുന്നു. ആവശ്യമായ സ്ഥലപരിശോധന, സാധ്യതാ പഠനം എന്നിവ നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 3-5 ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ

ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹണം നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വരവ് ചെലവ് കണക്കുകൾ സമിതി അംഗീകരിച്ചിട്ടില്ല. കൺവീനറെയും, ചെയർമാനെയും തെരഞ്ഞെടുത്തതല്ലാതെ പ്രവൃത്തികളുടെ നിർവ്വഹണത്തിലും, വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും, ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും സൂക്ഷിക്കുന്നതിലും സമിതി ഇടപെട്ടിട്ടില്ല. ബിൽ തുക ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ അനുവദിക്കുന്നതിനു പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലേക്കാണ് അനുവദിച്ചിരിക്കുന്നത്.

ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തികൾ നിർവഹിക്കുമ്പോൾ സമിതിക്കുണ്ടാകുന്ന യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതി ക്കുണ്ടായ ചെലവ് രേഖകൾ ഇല്ലാതെ തന്നെ ബിൽ തുക അനുവദിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോ. നം | പ്രോജക്ടിന്റെ പേര് | കൺവീനർ | ബിൽ നം., തീയതി | ചെലവ് തുക | ലഭ്യമായ വൗച്ചറുകളിലെ തുക | അധികമായി അനുവദിച്ചതുക |
|---|---|---|---|---|---|---|---|
| 1 | 30/18 | ആയുർവേദ ആശുപത്രി സ്റ്റോർ മെയിന്റനൻസ് | നീരജ് എസ്.എസ്. | 30/18, 22.02.2018 | 16301 | - | വൗച്ചറുകൾ ലഭ്യമല്ലാത്തതിനാൽ നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല. |
| 2 | 231/18 | നേമം ഗവ. യു.പി.സ്കൂൾ മെയിന്റനൻസ് | ജയചന്ദ്രൻ | 231/18, 06.03.2018 | 94946 | 94173 | 773 |

മേൽ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32/30.01.2019) നോട്ട് നിരോധനവും തുടർന്നുള്ള ബാങ്ക് നിയന്ത്രണങ്ങളും കാരണം സംയുക്ത ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനു പല ബാങ്കുകളും അനുവദിച്ച തരാത്തതിനാലാണ്, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൺവീനറുടെ മാത്രം അക്കൗണ്ടിലൂടെ തുക അനുവദിച്ചതെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി തൃപ്തികരമല്ല. മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിക്കുമ്പോൾ സർക്കുലർ നം. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഇതു സംബന്ധിച്ച രേഖകളും ഫയലുകളും യഥാവിധി സൂക്ഷിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതി നിർവ്വഹിക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി മുഖാന്തിരം പദ്ധതികൾ നിർവഹിക്കുമ്പോൾ ആവശ്യമായ രേഖകൾ എല്ലാം ലഭ്യമാക്കിയ ശേഷം മാത്രം ബിൽ തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക നിരക്ക് നൽകി-5566/- രൂപ നിരാകരിക്കുന്നു

Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലർ നമ്പർ 16/2016/Fin തീയതി 20/7/16,ചീഫ്എൻജിനീയർ (LSGD)യുടെ 10.8.16ലെ DB3/6512/2013/CE/LSGD നമ്പർ സർക്കുലർ എന്നിവ പ്രകാരം റോഡ് പ്രവൃത്തികളിൽ സബ് ബേസ്/ ബേസ് കോഴ്സ് ചെയ്യുമ്പോൾ കൂടിയ നിരക്കിലുള്ള സ്പെസിഫിക്കേഷനിലുള്ള Water bound macadam(WBM) ഒഴിവാക്കി കൂടുതൽ ഗുണനിലവാരവും ഉറപ്പുമുള്ളതും എന്നാൽ താരതമ്യേന നിരക്ക് കുറഞ്ഞതുമായ സ്പെസിഫിക്കേഷനിലുള്ള Wet Mix macadam (WMM) ഉപയോഗിച്ച് പ്രവൃത്തി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ WMM നു പകരം WBM ഉപയോഗിച്ച് പ്രവൃത്തി ചെയ്തു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/18 |
| പേര് | പൂങ്കുളം ആനക്കുഴി റോഡ് റീടാറിംഗ് |
| അടങ്കൽ | 481000/- |
| ചെലവ് | 468457/- |
| ബിൽ നമ്പർ | 21/18 തീയതി 30.06.2017 |
| ഫണ്ട് | മെയിന്റനൻസ് റോഡ് |
| എം.ബുക്ക് നമ്പർ | 781/16-17 |
| റ്റി.എസ്. നമ്പർ | 25022/2016-17 |
| കൺവീനർ | സനൽ |
| Rost Index | 46-67% |

DSR-14 (C.I-46.67) എസ്റ്റിമേറ്റ് ഇനം- 3 ആയി സ്പെസിഫിക്കേഷൻ 4.7.2 Aയും, എസ്റ്റിമേറ്റ് ഇനം- 4 ആയി സ്പെസിഫിക്കേഷൻ 4.7.3 Aയും, ഉപയോഗിച്ച് Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ പേജ് നമ്പർ 5, 6 പ്രകാരം മേൽ സ്പെസിഫിക്കേഷനുകൾ ഉപയോഗിച്ച് പ്രവൃത്തി നിർവഹിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഇനങ്ങൾക്കായി താഴെ പറയും വിധം നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് -<br>ഇനം.3 - 4.7.2 A – 6.75$m^3$@3381.36 / $m^3$<br>ഇനം.4 - 4.7.3 A – 6.75$m^3$@3290.11 / $m^3$ | = 22824.18<br>= 22208.24 |
| | 45032.42 |
| അനുവദിക്കാവുന്നത് - (2x6.75) $m^3$ @2913.86/$m^3$ | = 39337.11 |
| അധികം അനുവദിച്ചത് | = 5695.31 |
| അധികമായി അനുവദിച്ച തുക<br>(ഓവർഹെഡ് ചാർജ്ജസ് കുറവ് ചെയ്ത ശേഷം) | 5566 |

സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രവൃത്തി നിർവഹിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ടതിൽ (ഓഡിറ്റ് അന്വേഷണം നം. 29/28.01/2019) WBM ചെയ്തിരുന്ന റോഡിൽ പൈപ്പ് ലൈൻ ഇടുന്നതിന് കുഴിയെടുത്ത ഭാഗമായതിനാലും, വീതി കുറവായതിനാലും, WMM വ്യാപകമായി ഉപയോഗിച്ച് തുടങ്ങിയിട്ടില്ലാത്തതിനാലുമാണ് WBM ഉപയോഗിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. അധികമായി അനുവദിച്ച തുക 5566/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-7 ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ വീഴ്ച – അനർഹമായി ആനുകൂല്യം നൽകി - 5,000 രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | : | എസ്.ഒ 077/18- ഗാർഹിക കുടിവെള്ളകണക്ഷൻ പദ്ധതി |
| അടങ്കൽ | : | 10,50,000 രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | : | 4,80,000 രൂപ |
| ബിൽ നം | : | 026/KWC തീയതി.20.03.2018 |
| നിർവഹണ ഉദ്യോഗസ്ഥ | : | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ II) |

ഗ്രാമപഞ്ചായത്തിലെ 210 ഗുണഭോക്താക്കൾക്ക് കുടിവെള്ളകണക്ഷൻ ലഭ്യമാക്കുന്നതിനായി 5,000 രൂപ വീതം നൽകാൻ വിഭാവനം ചെയ്ത പദ്ധതിയാണിത്.

സബ്സിഡി മാർഗരേഖ [ജി.ഒ(എംഎസ്) നം.80/2017 തീയതി 03.04.2017] പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട, വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള വ്യക്തികൾക്കാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹത.

എന്നാൽ, ശ്രീ.ഉത്തമൻ.R.S, തിരുവാതിര, KP 15/351, തെറ്റിവിള, കല്ലിയൂർ എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡിന്റെ പകർപ്പിൽ (നം. 1103109550) സംസ്ഥാന സർക്കാർ ജീവനക്കാരനാണെന്നും പ്രതിമാസ വരുമാനം 8500 രൂപയാണെന്നും (വാർഷിക വരുമാനം 1,02,000 രൂപ) രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 5000/- രൂപയുടെ തടസ്സപ്പെടുത്തുന്നു.

14.06.2017 ന് നടന്ന ദാരിദ്ര്യലഘൂകരണം വർക്കിങ്ങ് ഗ്രൂപ്പിന്റെ യോഗത്തിൽ പ്രോജക്ടിനെ കുറിച്ച് ചർച്ച ചെയ്തതായും ഗുണഭോക്താക്കളുടെ അപേക്ഷകൾ സൂക്ഷ്മപരിശോധനയും വിലയിരുത്തലും നടത്തിയതായും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഫലപ്രദമായിരുന്നില്ലായെന്ന് വ്യക്തമാകുന്നു. ആനുകൂല്യം നൽകിയ വേളയിൽ നിർവഹണ ഉദ്യോഗസ്ഥ അപേക്ഷ സസൂക്ഷ്മം പരിശോധിക്കാത്തതാണ് മേൽ അപാകതയ്ക്ക് കാരണമായത്.

മാനദണ്ഡങ്ങൾക്കു വിരുദ്ധമായി പ്രസ്തുത വ്യക്തിക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ, ശ്രീ.ഉത്തമൻ.R.S കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാമെന്ന് സമ്മതിച്ചതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് സ്കോളർഷിപ്പ് തുക നൽകി 55,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.എസ്ഒ 215/18

| | | |
|---|---|---|
| അടങ്കൽ | : | 5,25,000 രൂപ (വികസന ഫണ്ട്-SCP) |
| ചെലവ് | : | 2,25,000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ |
| ബിൽ നം. | : | 8/2017-18 തീയതി.29.11.2017 തുക 75,000/- രൂപ |
| | | 11/2017-18 തീയതി.21.02.2018 തുക 1,25,000/- രൂപ |
| | | 19/2017-18 തീയതി.28.03.2018 |

| | |
|---|---|
| | തുക 25,000/- രൂപ |

സബ്സിഡി മാർഗരേഖ [ജി.ഒ(എംഎസ്) നം.80/2017 തീയതി 03.04.2017] പ്രകാരം, സംസ്ഥാന സർക്കാരോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും, കേന്ദ്ര സംസ്ഥാനതല പ്രവേശനപരീക്ഷയിൽ യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഴ്സിന്റെ പേര് | സ്കോളർഷിപ്പ് തുക(രൂപ) |
|---|---|
| മെഡിക്കൽ കോഴ്സ് | 30,000 |
| എഞ്ചിനീയറിങ്ങ് കോഴ്സ് | 20,000 |
| ബിരുദ ബിരുദാനന്തര/ഗവേഷണ കോഴ്സ് | 30,000 |
| മറ്റെല്ലാ കോഴ്സുകളും | 15,000 |
| സംസ്ഥാനത്തിന് പുറത്തുള്ള കോഴ്സുകൾ | 50,000 |
| പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗ് | 5,000 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. പ്രവേശനപരീക്ഷയിൽ യോഗ്യത നേടിയതിന്റെ രേഖകൾ.

2. വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വിവരം ഉൾക്കൊള്ളിച്ച രജിസ്റ്റർ

3. ഒന്നിൽ കൂടുതൽ ത.സ്വ.ഭ സ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല എന്നതിന്റെ രേഖകൾ.

4. ആനുകൂല്യം നേടിയ വിദ്യാർത്ഥികൾ ഉൾപ്പട്ട വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ലിസ്റ്റ്.

സ്കോളർഷിപ്പ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | കോഴ്സ്/വർഷം | അർഹമായ സ്കോളർഷിപ്പ് | നൽകിയ സ്കോളർഷിപ്പ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രിയങ്ക റോയ്.S | BA-LLB / 3 | 15,000 രൂപ | 25,000രൂപ | 10,000 രൂപ അധികം നൽകി |
| 2 | സുനമി.L.വിജയൻ | ഗവേഷണം/1 | 30,000 രൂപ | 25,000രൂപ | 5,000 രൂപ കുറച്ച് നൽകി |
| 3 | ദീപ.V.S | എഞ്ചിനീയറിങ്ങ്/ 3 | 20,000 രൂപ | 25,000രൂപ | 5,000 രൂപ അധികം നൽകി |
| 4 | അഭിരാമി.R.S | DRT / 1 | 15,000 രൂപ | 25,000രൂപ | 10,000 രൂപ അധികം നൽകി |
| 5 | നീതു.N.തുളസി | എഞ്ചിനീയറിങ്ങ്/ 2 | 20,000 രൂപ | 25,000രൂപ | 5,000 രൂപ അധികം നൽകി |
| 6 | മഹേഷ്.M.R | നഴ്സിങ്ങ് / 3 | 15,000 രൂപ | 25,000രൂപ | 10,000 രൂപ അധികം നൽകി |
| 7 | ഹിമധരപുത്രൻ.S.O | എഞ്ചിനീയറിങ്ങ്/ 2 | 20,000 രൂപ | 25,000രൂപ | 5,000 രൂപ അധികം നൽകി |
| 8 | ദിനി.U.S | എഞ്ചിനീയറിങ്ങ്/ 2 | 20,000 രൂപ | 25,000രൂപ | 5,000 രൂപ അധികം നൽകി |
| 9 | സാന്ദ്ര സുനിൽ.G.S | എഞ്ചിനീയറിങ്ങ്/ 2 | 20,000 രൂപ | 25,000രൂപ | 5,000 രൂപ അധികം നൽകി |

8 വിദ്യാർത്ഥികൾക്ക് ആകെ 55,000 രൂപ അധികമായും ഒരു വിദ്യാർത്ഥിക്ക് 5,000 രൂപ കുറച്ചും സ്കോളർഷിപ്പ് നൽകി.

മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിൽ നിന്നും വ്യതിചലിച്ച് സ്കോളർഷിപ്പ് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ പ്രസ്തുത വിദ്യാർത്ഥികളിൽ അർഹരായവർക്ക് സ്കോളർഷിപ്പ് തുക കൈമാറുമ്പോൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനു വിധേയമായി, മേൽപട്ടികയിൽ സൂചിപ്പിച്ച വ്യത്യാസം പുനക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിച്ച് ഈ വിഷയത്തിലുള്ള തടസ്സം ഒഴിവാക്കേണ്ടതുമാണ്.

# 3-9 ഓട്ടോറിക്ഷ നൽകൽ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം : S0094/18
അടങ്കൽ : 6,30,000 രൂപ (വികസന ഫണ്ട്-പൊതുവിഭാഗം)
ചെലവ് : : 3,90,000 രൂപ
നിർവ്വഹണം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ I)

ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിലിനായി ഓട്ടോറിക്ഷ വാങ്ങാൻ 30,000/- രൂപ വീതം ധനസഹായം (ബാക്ക് എൻഡ് സബ്സിഡി) നൽകാൻ വിഭാവനം ചെയ്ത പദ്ധതിയാണിത്.

സബ്സിഡി മാർഗരേഖ [ജി.ഒ(എംഎസ്) നം.80/2017 തീയതി 03.04.2017] യിലെ ഖ. 8.7 ൽ ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരഭകത്വമിഷനിലോ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ,ശ്രീ. പ്രമോദ്.V.P, ശ്രീ. വിഷ്ണു.J.R, ശ്രീ. രതീഷ്.R, ശ്രീ. അഹമ്മദ് കബീർ.O എന്നീ ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ / സ്വയംസംരഭകത്വ മിഷനിൽ രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിലിനായി ധനസഹായം (ബാക്ക് എൻഡ് സബ്സിഡി) നൽകാൻ വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിയിൽ 66 വയസ്സുള്ള ശ്രീ. അഹമ്മദ് കബീർ.ഒ എന്നയാൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. ആയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയോടൊപ്പം ഭരണസമിതിയുടെ 21.08.2017 ലെ XV(5) -ാം നമ്പർ തീരുമാനത്തിന്റെ പകർപ്പ് സമർപ്പിച്ചിരുന്നു. ആയത് പ്രകാരം ഓട്ടോറിക്ഷ വാങ്ങൽ പദ്ധതിക്ക് യോഗ്യതയുള്ള ഗുണഭോക്താക്കൾ കുറവായതിനാൽ ഇതിലേക്കായി ഗ്രാമസഭ വിളിച്ചാൽ ലഭ്യമാകാത്ത സാഹചര്യത്തിൽ സമയബന്ധിതമായി ലിസ്റ്റിലുള്ള മറ്റ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി പദ്ധതി പൂർത്തീകരിക്കാൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.

വരുംവർഷങ്ങളിൽ സമാനമായ പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 3-10 കമ്പ്യൂട്ടർ, അനുബന്ധസാമഗ്രികൾ വാങ്ങൽ - മാനദണ്ഡങ്ങൾ പാലിച്ചില്ല.

<u>പ്രോജക്ട് നം.എസ്ഒ 110/18 (PHC - അടിസ്ഥാനസൗകര്യവികസനം)</u>

അടങ്കൽ :1,00,000 രൂപ (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് :1,00,000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രൈമറി ഹെൽത്ത് സെന്ററിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി കമ്പ്യൂട്ടർ, പ്രിന്റർ, ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിനായിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. എന്നാൽ വാങ്ങൽ സംബന്ധിച്ച് സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ചിട്ടില്ലയെന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a. കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ [GO(P) 3/2013/SPD തീയതി 21.06.2013] ഖ. 7.33 ൽ പേറ്റന്റ്, ബ്രാന്റ് നെയിം എന്നിവ ഉപയോഗിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, പ്രിന്ററിനു വേണ്ടിയുള്ള ക്വട്ടേഷനിൽ എപ്സൺ MF L 380 എന്നു ചേർത്തിട്ടുണ്ട്.

b. ക്വട്ടേഷനിൽ പങ്കെടുത്ത ഏജൻസികൾ സമർപ്പിച്ച രേഖകളിൽ വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഏത് കമ്പനിയുടേതാണെന്നോ ഏത് മോഡലാണെന്നോ ചേർത്തിട്ടില്ല. ഈ സാഹചര്യത്തിൽ, ക്വട്ടേഷനിൽ താരതമ്യപഠനം

ചെയ്യതെങ്ങനെയെന്ന് വ്യക്തമല്ല.

c. ഏജൻസി ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്ക് യുക്തിഭദ്രമാണെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ (വാങ്ങേണ്ട ഉല്പന്നത്തിന്റെ/തത്തുല്യമായവയുടെ കമ്പോളവില പരിഗണിക്കൽ, വിവിധ ഉറവിടങ്ങളിൽ നിന്നുള്ള മൽസരാധിഷ്ഠിത ഓഫറുകൾ വിലയിരുത്തൽ) സ്വീകരിച്ചതായി കാണുന്നില്ല.

d. കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ സംബന്ധിച്ച ക്വട്ടേഷനിൽ [No.453(1)/2017 തീയതി 11.08.2017] സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷനുകളോടൊപ്പം വാറന്റി, ഉപകരണങ്ങളുടെ വിതരണം,മറ്റു നിബന്ധനകൾ എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

e. 11.08.2017 ലെ 453(1)/2017 നം. ക്വട്ടേഷനിൽ AMC (1വർഷം) ചേർത്തിട്ടുണ്ടെങ്കിലും പങ്കെടുത്ത 3 എജൻസികളും ആയത് സംബന്ധിച്ച വിവരങ്ങൾ തങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകളിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിനു പുറമെ ഇൻസ്റ്റലേഷൻ, UPS, ആന്റിവൈറസ് എന്നിവ ക്വട്ടേഷനിൽ ഉൾപ്പെടുത്താത്തതിനാൽ ആയവ വിതരണം ചെയ്ത TURNKEI എന്ന സ്ഥാപനത്തിന്റെ തെരഞ്ഞെടുപ്പ് മത്സരാധിഷ്ഠിതമായിരുന്നില്ല. ആയതിനാൽ AMC, ഇൻസ്റ്റലേഷൻ, UPS, ആന്റിവൈറസ് എന്നിവ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭിക്കാനുള്ള സാഹചര്യം ഇല്ലാതായി.

f. വാറന്റി കാലാവധി അവസാനിച്ചതിന് ശേഷം ഉപകരണങ്ങളുടെ ശരിയായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റിൽ ഏർപ്പെടാവുന്നതാണെന്ന് സ്റ്റോർ പർച്ചേസ് മാനുവലിലെ ഖ. 9.63 ൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, വാറന്റി, AMC, വിതരണക്കാരനുമായുള്ള കരാർ എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ മെയിന്റനൻസ് സംബന്ധിച്ച സേവനം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

g. സ്വീകരിച്ച / തിരസ്കരിച്ച ക്വട്ടേഷനുകൾ സംബന്ധിച്ച വിവരം അതത് ഏജൻസികളെ അറിയിച്ചതായി രേഖകളില്ല.

h. കമ്പ്യൂട്ടർ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും സോഫ്റ്റ് വെയറുകളുടെ ലൈസൻസ് വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കണമെന്നും 24.09.2010 ലെ 86/2010/ഫിൻ നമ്പർ സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ സർക്കുലറിലെ നിർദേശം പാലിച്ചിട്ടുണ്ടോ എന്നുറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. വാങ്ങൽ നടപടികളിൽ ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും പർച്ചേസ് കമ്മിറ്റിയുടെയും ഇടപെടലുകൾ നടന്നിട്ടില്ലായെന്നും മിനുട്സ് പരിശോധനയിൽ വ്യക്തമായി. ഭാവിയിൽ മേൽ വിഷയം സംബന്ധിച്ച പദ്ധതികളിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള നടപടികൾ കൃത്യമായി പാലിക്കുന്നുണ്ടെന്നു ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 3-11 കരാർ ചമയ്ക്കുന്നതിലെ അപാകതകൾ

a) ആശ്രയ പദ്ധതി-വീടു നിർമ്മാണം-ഗുണഭോക്താവുമായി എഗ്രിമെന്റ് വച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | : 97/2017-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | : 400000 |
| ചെലവ് | : 400000 |

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി, വസന്തകുമാരി, സരസമ്മ എന്നിവർക്ക് വീട് നിർമ്മാണത്തിന് തുക നല്കിയിരിക്കുന്നു. എന്നാൽ വ്യക്തികളുമായി നിയമാനുസൃതം കരാർ വച്ചിട്ടില്ല. 200 രൂപ മുദ്ര പത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രണ്ടു ഗുണഭോക്താക്കളും കരാറിൽ ഒപ്പിട്ടിട്ടില്ല.

b) ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ബഡ്സ് സ്കൂളിലെ കുട്ടികളെ സ്കൂളിലും തിരികെ താമസസ്ഥലത്തും എത്തിക്കുന്നതിനായി ശ്രീ.വിനീത് വി. എൽ. എന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.എന്നാൽ മുദ്രപത്രം ഫയലിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ സൂക്ഷിക്കുന്നു. നിയമാനുസൃതമായി കരാറുകൾ ചമയ്ക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-12 വൃദ്ധർക്ക് കട്ടിൽ വിതരണം.-ഒരു കട്ടിൽ വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | : 131/2017-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | : 367500 |
| ചെലവ് | : 325875 |
| ബിൽ നം. | : 14/17-18 |

തുക : 65175

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി, TRITECH Traders എന്ന സ്ഥാപനത്തിൽ നിന്ന് ആകെ 75 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ആയതിൽ 74 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ഉണ്ട്. അവശേഷിക്കുന്ന ഒരു കട്ടിൽ വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. ആയതു എത്രയും വേഗം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ബിൽഡിംഗ് പെർമിറ്റില്ലാതെ ഭവന നിർമ്മാണ ധനസഹായം- നിയമ ലംഘനം

ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി സരസമ്മ എന്ന വ്യക്തിക്ക് വീട് നിർമ്മാണത്തിന് രണ്ടു ലക്ഷം രൂപ നല്കി. വീട്ടു നിർമ്മാണം പൂർത്തിയായതായി ഗുണഭോക്താവ് നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ, A3-4686/17 dt. 04/8/17 പ്രകാരം കെട്ടിട നം.,Owneship Certificate എന്നിവ നല്കിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ അപേക്ഷ നൽകാനാണ് Ownership Certificate നല്കിയിയിട്ടുള്ളത്. Kerala Panchayat Rules 137(3) ,GO (MS) No.41/11/LSGD dt.14/2/11 എന്നിവ പ്രകാരം Building Construction Without Permission -Regularisation granted orders issued എന്നാണ് കെട്ടിട നം അനുവദിച്ച കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് കെട്ടിട നമ്പർ അനുവദിച്ചത് അനധികൃത നിർമ്മാണം റെഗുലറൈസ് ചെയ്തിട്ടാണ്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം നടത്തിയ ശേഷം ആയത് റെഗുലറൈസ് ചെയ്ത ശേഷം ആശ്രയ പദ്ധതിയുടെ ആനുകൂല്യം നൽകുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ ഭവന നിർമ്മാണ ധനസഹായം നല്കിയ വീടിന് Building Construction Permission ഉറപ്പു വരുത്താത്തത് ഗുരുതര വീഴ്ചയാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1034643 | 1028018 | 6625 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 105400 | 105400 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ പോസ്റ്റു മാറ്റൽ | 1059912<br>729780 | 1059912<br>729780 | 0 |
| 2 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 1925584 | 1925584 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | 4495/DB1/14 ത.സ്വ.ഭ.വ തീയതി 20.02.2015 | - | 13440000 | 1680000 | ഇല്ല | 11760000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2001-02 | 3.6 | 103 | A.Binu<br>V.Sulochana | 11713107682<br>dtd 30.01.2018 |
| 2 | 2006-07 | 2-5 | 75 | M. Raveendran Nair<br>S.Raju<br>K.Raju | 11713107683, 84,85<br>dtd 30.01.2018 |
| 3 | 2007-08 | 2-3 | 250 | Anil Kumar<br>C.Radha<br>G.Uthamadas | 11713107686,87,88<br>dtd 30.01.2018 |
| 4 | 2012-13 | 3-12 | 37917 | Radhakrishnan.N.S | 11713101180<br>dtd 18.05.2017 |
| 5 | 2012-13 | 3-12 | 20176 | S.Vijayakumar | 11713101181<br>dtd 18.05.2017 |
| 6 | 2012-13 | 3-12 | 17742 | Dhanyasree | 11713101497<br>dtd 02.06.2017 |
| 7 | 2014-15 | 3-8(1) | 33000 | S.Sreekumaran Nair | 11713103250<br>dtd 19.08.2017 |
| 8 | 2016-17 | 3-7 | 17035 | AE, LSGD | 11713106964<br>dtd 01.01.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-1(2) | 2016-19 | 62 | തെറ്റിവിള-കരിയറത്തല റോഡിന്റെ പ്രവൃത്തിക്ക് അധികനിരക്ക് നൽകി | |
| 2006-07 | 3-1-2 | 2016-19 | 63 | ആറാട്ട്കടവ് കോളനി റോഡ് | |

| | | | | | |
|---|---|---|---|---|---|
| | | | | ഉത്തരവാദിയായ AE യിൽ നിന്ന് ഈടാക്കേണ്ടതാണ്. | |
| 2006-07 | 3-1-3 | 2016-19 | 73 | മാത്തൂർക്കോണം ചാനൽക്കര റോഡ് പ്രവൃത്തി സംബന്ധിച്ച് | |

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 92339098.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 100138471.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 98713 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 110977 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഖ.3-2 | | 5216 | ശ്രീ.രവികുമാരൻ തമ്പി.C.A, അസിസ്റ്റന്റ് എഞ്ചിനിയർ |
| ഖണ്ഡിക 3-3(എ) | | 87,931 | ശ്രീ.രവികുമാരൻ തമ്പി.C.A, അസിസ്റ്റന്റ് എഞ്ചിനിയർ |
| ഖണ്ഡിക 3-6 | | 5566 | ശ്രീ.രവികുമാരൻ തമ്പി.C.A, അസിസ്റ്റന്റ് എഞ്ചിനിയർ |
| | ആകെ | 98713/- | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1050977 | ശ്രീ.രവികുമാരൻ തമ്പി.C.A, അസി. എഞ്ചിനീയർ |
| 3-7 | 5000 | ശ്രീമതി. ആശ.S.R, VEO |
| 3-8 | 55,000 | ശ്രീ. ജയചന്ദ്രൻ, ഹെഡ്മാസ്റ്റർ |
| ആകെ | 1110977 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തം/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ.രവികുമാരൻ തമ്പി.C.A,<br>അസി. എഞ്ചിനീയർ | | ഉത്രാടം, TC 21/1604(1),<br>നെടുങ്കാട്,കരമന P.O |
| ശ്രീമതി.ആശ.എസ്.ആർ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | പത്മശ്രീ,<br>യു.പി.എസ് ലെയിൻ<br>ഹൗസ് നമ്പർ 1<br>അമ്പലത്തറ,<br>തിരുവനന്തപുരം-26 |
| ശ്രീ. ജയചന്ദ്രൻ,<br>ഹെഡ്മാസ്റ്റർ | | ശ്രീശൈലം,<br>KARA 3<br>കരിമൺകുളം റോഡ്,<br>വട്ടിയൂർക്കാവ്.പി.ഒ<br>തിരുവനന്തപുരം-13 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക<br>കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 13 | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 8 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 4 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 6 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 6 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 8 | |

| | | | |
|---|---|---|---|
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 5 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1081/2016<br>തീയതി.29.06.2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/2013/2016<br>തീയതി.09.02.2016 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1782/2017<br>തീയതി.23.08.2017 | 25 | |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.